ശ്രീ. കെ. സി. ഏബ്രഹാം : ഇതുപോലുള്ള അഴിമതികൾ ഉള്ളതായി എൻജിനീയേഴ്സ് അസോസിയേഷൻ പ്രമേയം പാസ്സാക്കിയിട്ടുള്ളതായി അറിയാമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഏതെങ്കിലും റസല്യൂഷൻ പാസ്സാക്കി ബോർഡിനു് അയച്ചിട്ടില്ല, റസല്യൂഷൻ കിട്ടിയിട്ടില്ല എന്നാണു് ബോർഡിൽ നിന്നറിയുന്നതു്. എൻജിനിയേഴ്സ് അസോസിയേഷന്റെ ഒരു പീരിയോഡിക്കൽ പ്രസിദ്ധീകരണത്തിൽ ഇതുപോലെ ഒരുപ്രമേയം പാസ്സാക്കിയതായി വിവരം കാണുന്നുണ്ടു്.

ശ്രീ. കെ കെ. ബാലകൃഷ്ണൻ : വിപുലമായ തോതിൽ അഴിമതി നടക്കുന്നതായി വിവരം കിട്ടിയില്ല എന്നു പറഞ്ഞു. നേരിയ തോതിലെങ്കിലും അഴിമതി ഉള്ളതായി അറിയാമോ ? അതിനു് അന്വേഷണം നടത്തുമോ ?

ശ്രീ. ആർ. ശങ്കർ : ബി—യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്. അങ്ങനെ കാണുന്ന കേസുകളിൽ ബോർഡു് ആവശ്യമായ നടപടികളും എടുത്തു വരുന്നുണ്ടു്.

സഹകരണ ഇൻസ്റ്റിറ്റ്യൂട്ടു്

* 742. [19] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റു് സഹകരണ ഇൻസ്റ്റിറ്റ്യൂട്ടു് തുടങ്ങിയതിനുശേഷം എത്ര സഹകരണ സെമിനാറുകളും സ്റ്റേറ്റിൽ എവിടെയൊക്കെ ഇതിനകം നടത്തി ;

(ബി) ഇതിനോരോന്നിനും ചെലവായ തുക എത്ര ;

(സി) ഇതിൽ ഗവണ്മെന്റു്, ഇൻസ്റ്റിറ്റ്യൂട്ടു് സഹകരണസംഘങ്ങളും ഇവ കൊടുത്ത വിഹിതങ്ങളെത്ര ;

(ഡി) ഓരോ കൊല്ലങ്ങളിലും പങ്കെടുത്തവർ എത്ര ;

(ഈ) ഇതിൽ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതു് എന്തടിസ്ഥാനത്തിലാണു് ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) മൂന്നു സഹകരണ സെമിനാറുകളും, ആലപ്പുഴ, തിരുവനന്തപുരം, കണ്ണൂർ എന്നീ സ്ഥലങ്ങളിൽവച്ചു നടത്തി.

(ബി) ആലപ്പുഴ സെമിനാറിനു് 8576 രൂപയും, തിരുവനന്തപുരം സെമിനാറിനു് 11388 രൂപയും, കണ്ണൂർ സെമിനാറിനു് 12,628 രൂപയും ചെലവായി.

(സി) ഓരോരുത്തരും ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു

(1) ആലപ്പുഴ : സർക്കാർ വിഹിതം ഇല്ല, ഇൻസ്റ്റിറ്റ്യൂട്ട വിഹിതം ഇല്ല. സഹകരണസംഘം വിഹിതം 7725 രൂപ, പലവക വരവു് 1045 രൂപ.

(2) തിരുവനന്തപുരം : സർക്കാർ വിഹിതം ഇല്ല. ഇൻസ്റ്റിറ്റ്യൂട്ടു് വിഹിതം ഇല്ല. സഹകരണസംഘം വിഹിതം 10677 രൂപ, പലവക വരവു് 1450 രൂപ.

(3) കണ്ണൂർ : സർക്കാർ വിഹിതം 1000 രൂപ. ഇൻസ്റ്റിറ്റ്യൂട്ട വിഹിതം 2121 രൂപ. സഹകരണസംഘം വിഹിതം 8700 രൂപ. പലവക വരവു് 807 രൂപ.

ആലപ്പുഴ സെമിനാർ വരവു ചെലവു ഇനത്തിൽ, 253 രൂപയും, തിരുവനന്തപുരം സെമിനാറിൽ, 739 രൂപയും നീക്കിയിരിപ്പുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആലപ്പുഴ സെമിനാറിൽ, 300 പേരും, തിരുവനന്തപുരം സെമിനാറിൽ 321 പേരും, കണ്ണൂർ സെമിനാറിൽ 210 പേരും പങ്കെടുത്തിട്ടുണ്ടായിരുന്നു.

(ഇ) വിവിധതരത്തിലുള്ള സഹകരണസംഘങ്ങളെ പ്രതിനിധീകരിക്കുന്നു ഓരോ ജില്ലയിൽനിന്നും തിരഞ്ഞെടുക്കുന്നതു കൂടാതെ, വികസനവകുപ്പുകളിലുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരെയും, പ്രമുഖ സഹകാരികളെയും പ്രതിനിധികളായി ക്ഷണിക്കാറുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : പ്രതിനിധികളെ സംബന്ധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചെലവും വർദ്ധിക്കുന്ന ഒരേർപ്പാടാണോ സെമിനാർ ?

ശ്രീ. ഇ. പി. പൗലോസ് : കണ്ണൂർനിന്നു തിരുവനന്തപുരത്തു വന്ന ആളുകളെക്കാൾ കൂടുതൽ തിരുവനന്തപുരത്തുനിന്നു കണ്ണൂർക്കു പോയിരുന്നു, അവർക്കു യാത്രച്ചെലവുംമറ്റും കൂടുതലായിട്ടുണ്ട്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : സഹകരണസംഘങ്ങളുടെ മാനേജ്മെന്റു സംബന്ധിച്ചു് പരിശീലനം നടത്താൻ ഒരു സ്കീം ഉണ്ടു്. ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരാണു് ഇന്നു് അങ്ങനെ പരിശീലനം നടത്തുന്നതു്. കുറേക്കൂടി കാര്യക്ഷമമായി അതു നടത്തുന്നതിനു് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ആ ചുമതല വിട്ടുകൊടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസു് : എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം കഴിവുള്ളിടത്തോളം ഇൻസ്റ്റിറ്റ്യൂഷനെ ചുമതല ഏല്പിക്കാനുള്ള പദ്ധതിയാണുള്ളതു്. അതിനുള്ള ഏർപ്പാടുകൾ ചെയ്തു അതു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ഓ. കോരൻ : സഹകരണസംഘം സെമിനാറുകളിൽ, ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ പ്രതിനിധികളെ ഉൾപ്പെടുത്താറുണ്ടോ ?

ശ്രീ. ഇ. പി. പൗലോസു് : ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റാണു്. കോവാപ്പറേറ്റീവു രജിസ്ട്രാരുടെ കീഴിൽ പെടുന്നതല്ല.

കബനി നദീജലം

* 743. [20] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിൽക്കൂടെ ഒഴുകുന്ന കബനി നദീജലത്തെസംബന്ധിച്ചു് മൈസൂർ ഗവണ്മെന്റുമായി നടത്തിയ ആലോചനകൾ എന്തായി ; വല്ല ചർച്ചകളും നടത്തിക്കഴിഞ്ഞുവോ ; അവസാനതീരുമാനം എടുത്തുവോ ;

(ബി) പ്രസ്തുത പുഴയിലെ ജലം നമ്മുടെ സ്റ്റേറ്റിൽ ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി വിശദമായ ഒരന്വേഷണം നടത്തുവാൻ ഭയവുണ്ടാകുമോ ; എങ്കിൽ എന്നു നടത്തും ;

(സി) നമ്മുടെ അതിർത്തിക്കടുത്തു് മൈസൂർ ഗവണ്മെന്റു് നിർമ്മിക്കുന്ന കബനി പദ്ധതിയെസംബന്ധിച്ചു് നമ്മുടെ തർക്കം അവസാനിച്ചുവോ ;

(ഡി) പ്രസ്തുത പദ്ധതിമൂലം നമുക്കു വിദ്യുച്ഛക്തി വിട്ടുതരുന്നകാര്യം ഭയവായി ചർച്ച നടത്തുമോ ;

(ഇ) പ്രസ്തുത പദ്ധതിവഴി നമ്മുടെ സ്റ്റേറ്റിലെ ഭൂമിക്കും കൃഷിസ്ഥലങ്ങൾക്കും യാതൊരു നഷ്ടവും ഉണ്ടാവില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly